

# ക്രൈസ്തവ ജീവിതം സഭയിലും സമൂഹത്തിലും

12

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

# അദ്ധ്യായം ആറ്

# ബൈബിൾ

# എഴുതപ്പെട്ട ദൈവവചനം



# ഒരു മതഗ്രന്ഥമെന്നനിലയിൽ ബൈബിളിന്റെ പ്രധാന്യം

- ലോകജനസംഖ്യയിൽ ഏറ്റവും കൂടുതൽ അംഗങ്ങളുള്ള മത ത്തിന്റെ വിശുദ്ധ ഗ്രന്ഥമാണിത്.
- ഏറ്റവുമധികം ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള ഗ്രന്ഥവും ഏറ്റവുമധികം പ്രതികൾ പ്രചരിച്ചിട്ടുള്ള ഗ്രന്ഥവും ബൈബിളാണ്. (ഇതിനോടകം 2454 ഭാഷകളിൽ സമ്പൂർണ ബൈബിൾ വിവർത്തനം ചെയ്തിട്ടുണ്ട്. കൂടാതെ 1168 ഭാഷകളിൽ പുതിയനിയമവും 848 ഭാഷകളിൽ ബൈബിളിലെ ഏതെങ്കിലും ഭാഗവും തർജമയായി എത്തിയിട്ടുണ്ട്).
- ലോകത്തിലെ വലിയൊരുഭാഗം മനുഷ്യർക്ക് അനുദിനജീവിത ത്തിൽ മാർഗനിർദ്ദേശം നൽകുന്നതു ബൈബിളാണ്.

ദൈവം മനുഷ്യചരിത്രത്തിലൂടെ നടത്തിയി
ട്ടുള്ള വെളിപാടുകളിലൂടെയാണുദൈവവ
ചനം നമുക്കു ലഭിച്ചിട്ടുള്ളത്.

# ദൈവികവെളിപാടിന്റെ ചരിത്രം

- ദൈവം സ്വയം വെളിപ്പെടുത്തുമ്പോൾ മാത്രമേ മനുഷ്യനു ദൈവത്തെ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ.
- ദൈവം തന്നെത്തന്നെ ലോകത്തിനു വെളിപ്പെടുത്തിയ ഈ പ്രക്രിയയെയാണു *ദൈവികവെളിപാട് അഥവാ ദൈവാവിഷ്കരണം* എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.
- മനുഷ്യാവതാരം ചെയ്ത വചനമായ ഈശോയിലൂടെയാണ് ഈ വെളിപാട് പൂർണമാക്കപ്പെട്ടത്.
- ദൈവികവെളിപാടിന്റെ ചരിത്രം ദൈവവചനത്തിന്റെ ചരിത്രമാണ്. വചനമായ ഈശോയുടെ ചരിത്രമാണത്.
- ഇപ്രകാരം പൂർത്തീകരിച്ച ദൈവീക വെളിപാട് പൂർത്തിയാക്കപ്പെട്ടതു രക്ഷാകര പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലൂടെയാണ്.

# 1. സൃഷ്ടിയിലൂടെയുള്ള ദൈവികവെളിപാട്

- സൃഷ്ടികർമ്മം മുഴുവൻ ദൈവിക വെളിപാടിന്റെ പ്രാരംഭ രൂപമായിരുന്നു.

- ലോകസൃഷ്ടി മുതൽ ദൈവത്തിന്റെ അദൃശ്യ പ്രകൃതി, അതായത് അവിടുത്തെ അനന്തശക്തിയും, ദൈവത്വവും, സൃഷ്ടവസ്തുക്കളിലൂടെ സ്പഷ്ടമായി അറിഞ്ഞിട്ടുണ്ട്” (റോമ. 1:20). അതിനാൽ, സൃഷ്ട പ്രപഞ്ചത്തെ ദൈവികവെളിപാടിന്റെ സാർവത്രിക രൂപമായി നമുക്കു മനസ്സിലാക്കാം.

# 2. സന്ദേശവാഹകരിലൂടെയുള്ള ദൈവിക വെളിപാട്

- കാലകാലങ്ങളിൽ തന്റെ സന്ദേശങ്ങളെ ജനങ്ങളിലെത്തിച്ചതും രക്ഷാകരപദ്ധതിയെ ദൈവം മുന്നോട്ടുനയിച്ചതും തന്റെ സന്ദേശവാഹകരിലൂടെയാണ്.

- പൂർവപിതാക്കന്മാർ (അബ്രാഹം, ഇസഹാക്ക്, യാക്കോബ്, ജോസഫ്), മോശ, ജോഷ്വ, ന്യായാധിപൻമാർ, രാജാക്കന്മാർ, പ്രവാചകൻമാർ

# 3. ഈശോ ദൈവികവെളിപാടിന്റെ പൂർണത

- ദൈവവചനവും ഈശോയും ഒന്നു തന്നെയാണ്(യോഹ. 1:1–14)
- ദൈവവചനം പൂർണമായും ദൃശ്യമായതു മനുഷ്യാവതാരത്തിലാണ് . (ഹെബ്രാ. 1:1–2)
- ഈശോ വെളിപ്പെടുത്തിയ ദൈവികരഹസ്യങ്ങൾ വെളിപാടിന്റെ പൂർണതയാണ്. (പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത് (യോഹ. 1:18).)

# 4. ദൈവിക വെളിപാടും തിരുസഭയും

- മിശിഹാ താൻ പൂർത്തീകരിച്ച ദൈവീക വെളിപാടിനു സാക്ഷികളാകാനും അതു ലോകത്തിന്റെ അതിർത്തികൾ വരെ പ്രഘോഷിക്കാനുമായി പന്ത്രണ്ടു ശ്ലീഹന്മാരെ തെരഞ്ഞെടുത്തു നിയോഗിച്ചു.
- ശ്ലീഹന്മാരാകുന്ന അടിത്തറയിൽ പണിയപ്പെട്ട സഭ മിശിഹായുടെ ശരീരവും ഭൂമിയിൽ അവിടുത്തെ തുടർച്ചയുമാണ്.
- ദൈവീക വെളിപാടിന്റെ (ദൈവവചനത്തിന്റെ) സംരക്ഷകയും പ്രഘോഷകയും വ്യാഖ്യാതാതാവുമാണു സഭ.
- ദൈവനിവേശിതമായി അംഗീകരിക്കപ്പെട്ട 73 പുസ്തകങ്ങൾ തിരഞ്ഞെടുത്ത് ഒരുമിച്ചുചേർത്തു വി. ബൈബിളായി നമുക്കു നൽകിയതു തിരുസ്സഭയാണ്.

# ബൈബിൾ ദൈവവചനത്തിന്റെ ലിഖിത രൂപം

- **പാരമ്പര്യം + ബൈബിൾ = ദൈവികവെളിപാട്**
- ദൈവം തിരുസഭയെ ഭരമേൽപ്പിച്ച ദൈവിക വെളിപാടുകളിൽ ലിഖിതരൂപത്തിലായവ മാത്രമേ വി. ബൈബിളിലുള്ളൂ.

# ബൈബിൾ

**73 ദൈവനിവേശിത ഗ്രന്ഥങ്ങളുടെ സമാഹാരമാണിത്**

**ബ്ലിബ്ലിയ എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ബൈബിൾ എന്ന പേരു ലഭിച്ചത്.**

**ഭാഷ**

പുതിയ നിമയത്തിലെ എല്ലാ പുസ്തകങ്ങളും ഗ്രീക്കു ഭാഷയിലാണ് എഴുതപ്പെട്ടത്. എന്നാൽ മത്തായിയുടെ സുവിശേഷം അറമായ ഭാഷയിലാണ് എഴുതപ്പെട്ടത് എന്ന ഒരു പാരമ്പ്യവും നിലവിലുണ്ട്.

പഴയനിയമത്തിലെ മൂന്ന് പുസ്തകങ്ങളൊഴികെ മറ്റെല്ലാ പുസ്തകങ്ങളും ഹീബ്രു ഭാഷയിലാണ് എഴുതപ്പെട്ടത്. എന്നാൽ ജ്ഞാനം 1, 2 മക്കബായർ എന്നീ പുസ്തകങ്ങൾ രചിക്കപ്പെട്ടതു ഗ്രീക്കു ഭാഷയിലാണ്

ബൈബിളിൽ ആകെ 1334 അധ്യായങ്ങളുണ്ട് (പഴയനിയമത്തിൽ 1074 ഉം പുതിയ നിയമത്തിൽ 260 ഉം). ബൈബിളിൽ ആകെ 35527 വാക്യങ്ങളുണ്ട് (പഴയനിയമത്തിൽ 27570 എണ്ണവും പുതിയ നിയമത്തിൽ 7957 എണ്ണവും).

- യഹൂദ പാരമ്പര്യമനുസരിച്ച് പഴയനിയമ ഗ്രന്ഥങ്ങളെ നിയമങ്ങൾ (ആദ്യത്തെ അഞ്ച് പുസ്തകങ്ങൾ) , പ്രവാചകന്മാർ, (ജോഷ്വ, ന്യായാധിപൻമാർ, സാമുവലിന്റെയും, രാജാക്കൻമാരുടെയും പുസ്തകങ്ങൾ, പ്രവാചകൻമാരുടെ പുസ്തകങ്ങൾ) ലിഖിതങ്ങൾ (ശേഷിക്കുന്ന പതിനൊന്ന് പുസ്തകങ്ങൾ) എന്നിങ്ങനെ മൂന്നായി തിരിക്കാറുണ്ട്.

- ക്രൈസ്തവ പാരമ്പര്യമനുസരിച്ച് പഴയനിയമ ഗ്രന്ഥങ്ങൾ ചരിത്രപരം, പ്രവചനപരം, പ്രബോധനപരം എന്നിങ്ങനെ തിരിച്ചിരിക്കുന്നു. പുതിയ നിയമ ഗ്രന്ഥങ്ങളെ സുവിശേഷങ്ങൾ, അപ്പസ്തോല പ്രവർത്തനങ്ങൾ, പൗലോസിന്റെ ലേഖനങ്ങൾ, സാർവത്രിക ലേഖനങ്ങൾ, വെളിപാട് എന്നിങ്ങനെ വേർതിരിച്ചു കാണാവുന്നതാണ്.

# ബൈബിൾ കാനോനിക സ്വഭാവം

- **കാനോൻ** എന്ന ഗ്രീക്കു പദം ആശാരിമാർ ഉപയോഗിച്ചിരുന്ന അളവു കോലിനെ (മുഴക്കോൽ) യാണ് സൂചിപ്പിക്കുന്നത്. എ. ഡി. 367–ൽ അലക്സാണ്ട്രിയായിലെ ബിഷപ്പായിരുന്ന താസിയൂസാണ് (എ.ഡി. 293–373) വി. ഗ്രന്ഥത്തിലെ ദൈവനിവേശിത ഗ്രന്ഥങ്ങളെ വിശേഷിപ്പി ക്കാൻ ഈ പദം ആദ്യമായി ഉപയോഗിച്ചത്. ദൈവവചനം ക്രിസ്തീയ ജീവിതത്തിന്റെ മാനദണ്ഡമാണ് (ഗലാ 6:16; ഫിലി 3:16) എന്ന ചിന്താഗ തിയും ഈ പദപ്രയോഗത്തിനു പ്രേരകമായിട്ടുണ്ട്.
- എ.ഡി. 797 ൽ രണ്ടാം നിഖ്യാ സാർവത്രിക സൂനഹദോസും ഈ പുസ്തകങ്ങളെ കാനോനിക ഗ്രന്ഥങ്ങളായി പ്രഖ്യാപിച്ചു. അതിനാൽ കത്തോലിക്കാ സഭയുടെ പാരമ്പര്യമനുസരിച്ചു വിശുദ്ധ ഗ്രന്ഥത്തിൽ എഴുപത്തിമൂന്നു പുസ്തകങ്ങളാണു കാനോനിക ഗ്രന്ഥങ്ങളായി ഉള്ള ത്.

# ബൈബിളിന്റെ തർജമകൾ

- **സെപ്ത്വജിന്ത് ബൈബിൾ =** ഹീബ്രു ഭാഷയിൽ എഴുതപ്പെട്ട പഴയനിയമത്തിന്റെ ഗ്രീക്ക് വിവർത്തനം. ബി.സി. 180 നോടടുത്താണ് ഈ വിവർത്തനം പൂർത്തിയായത്. സെപ്ത്വജിന്ത് ബൈബിളിൽ 46 പുസ്തകങ്ങൾ ഉൾച്ചേർത്തിട്ടുണ്ട്.

- “വുൾഗാത്ത” = വി. ജറോം ആണ് ലത്തീൻ ഭാഷയിലേക്ക് സമ്പൂർണ ബൈബിൾ വിവർത്തനം ചെയ്തത്.
- **പ്ശീത്ത ബൈബിൾ =** ബൈബിളിന്റെ സുറിനായി ഭാഷയിലുള്ള തർജമ

# ബൈബിൾ ദൈവനിവേശിത ഗ്രന്ഥം

**കത്തോലിക്കാ കാഴ്ച്ചപ്പാടിൽ ദൈവനിവേശനം എന്ന ആശയത്തിൽ നാലു വസ്തുതകൾ അടങ്ങിയിരിക്കുന്നു.**

- 1. വി. ഗ്രന്ഥപുസ്തകങ്ങളുടെ രചനയിൽ പരിശുദ്ധാത്മാവിന്റെ വ്യക്തമായ പ്രചോദനം രചയിതാക്കൾക്കു ലഭിച്ചിട്ടുണ്ട്.
- 2. ദൈവാത്മാവിന്റെ പ്രചോദനത്താൽ എഴുതപ്പെട്ടതിനാൽ ദൈവം ആഗ്രഹിച്ചവ മാത്രമ വി. ഗ്രന്ഥത്തിലുള്ളൂ.
- 3. ദൈവികമായ വിഷയങ്ങളിലെ പ്രബോധനങ്ങളിൽ വി. ഗ്രന്ഥ ത്തിനു തെറ്റുപറ്റുകയില്ല.
- 4. വി. ഗ്രന്ഥരചയിതാക്കളുടെ തനതു ഭാഷാശൈലിയും ദൈവ ശാസ്ത്രദർശനങ്ങളും അവരുടെ രചനകളിൽ പ്രതിഫലിച്ചിട്ടു ണ്ട്.

# വിശുദ്ധ ലിഖിതത്തിന്റെ അർത്ഥങ്ങൾ

- **1. വാച്യാർത്ഥം (Literal Sense)**
- വിശുദ്ധ ഗ്രന്ഥത്തിലെ വാക്കുകൾ സൂചിപ്പിക്കുന്നതും വാക്യ വിശകലനത്തിൽ നിന്ന് ലഭിക്കുന്നതുമായ അർത്ഥമാണു വാച്യാർത്ഥം. വിശുദ്ധ ഗ്രന്ഥത്തിന്റെ മറ്റെല്ലാർത്ഥങ്ങളും വാച്യാർത്ഥത്തിൽ അധിഷ്ഠിതമാണ്.

**2. ആദ്ധ്യാത്മികാർത്ഥം** **(Spiritual Sense)**

വിശുദ്ധ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്ന ദൈവവചന
ത്തിനും സംഭവങ്ങൾക്കും യാഥാർത്ഥ്യങ്ങൾക്കും
വാച്യാർത്ഥങ്ങൾക്കതീതമായ ഒരു ആദ്ധ്യാത്മികാർത്ഥ
മുണ്ട്. മനുഷ്യന്റെ ആദ്ധ്യാത്മിക വളർച്ചയ്ക്ക് ശക്തി
പകരുന്ന സന്ദേശങ്ങളാണ് ആദ്ധ്യാത്മികാർത്ഥം എന്ന
തുകൊണ്ട് മനസ്സിലാക്കുന്നത്.

**3. പ്രതീകാത്മകാർത്ഥം** **(Symbolic Sense)**

ബൈബിളിലെ സംഭവങ്ങളെ ക്രിസ്തുവിനോട് ബന്ധ
പ്പെടുത്തി മനസ്സിലാക്കുമ്പോൾ അവയെ കൂടുതൽ
ആഴത്തിൽ ഗ്രഹിക്കുവാൻ നമുക്കു സാധിക്കും. ഉദാര
ണത്തിന് ഇസ്രയേൽക്കാർ കടൽ കടക്കുന്നതു
ക്രിസ്തുവിന്റെ വിജയത്തിന്റെയും തന്മൂലം ക്രിസ്തീയ
മാമ്മോദീസായുടെയും അടയാളമാണ്.

# വിശുദ്ധ ലിഖിതത്തിന്റെ അർത്ഥങ്ങൾ

- **4. ധാർമികാർത്ഥം (Moral Sense)**
- വിശുദ്ധ ഗ്രന്ഥത്തിലെ വചനങ്ങളും സംഭവങ്ങളും ധാർമ്മികമായ പ്രവർത്തനങ്ങളിലേയ്ക്കു നമ്മെ നയിക്കേണ്ടതാണ്. അതിനാൽ ദൈവവചനം നമ്മുടെ ജീവിതത്തിനു പ്രചോദനമായി നിലകൊള്ളുന്നു. ഓരോ വചനവും സംഭവങ്ങളും നമുക്കു നൽകുന്ന സന്ദേശമുൾക്കൊണ്ടു പ്രവർത്തിക്കുമ്പോഴാണു വചനം നമ്മിൽ ജീവാത്മകമാകുന്നത്.
- **5. സനാതനാർത്ഥം (Anagogical Sense)**
- വിശുദ്ധ ഗ്രന്ഥം വിവരിക്കുന്ന വസ്തുതകളും സംഭവങ്ങളും നമ്മുടെ യഥാർത്ഥ ഭവനമായ സ്വർഗത്തെ ലക്ഷ്യമായി കാണാനും മനസ്സിലാക്കാനും നമ്മെ സഹായിക്കുന്നവയാണ്. അതിനാൽ സ്വർഗോന്മുഖമായ ഒരു ലക്ഷ്യത്തോടെ ആയിരിക്കണം ദൈവവചനം നാം മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യേണ്ടത്.

# ബൈബിൾ വ്യാഖ്യാനം

- **ബൈബിൾ വ്യാഖ്യാനിക്കുമ്പോൾ പാലിക്കേണ്ട തത്വങ്ങളെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ മൂന്ന് മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നു** (DV 12)

1. വിശുദ്ധ ഗ്രന്ഥങ്ങൾ മുഴുവന്റെയും ഉള്ളടക്കത്തിലും ഐക്യത്തിലും ശ്രദ്ധപതിപ്പിക്കണം.
2. സഭമുഴുവന്റെയും സജീവ പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം.
3. ക്രൈസ്തവ വിശ്വാസ പ്രബോധനങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം.


THANK
YOU